"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - മാനന്തവാടിയിലെ ഭാഗ്യക്കുറി സബ് ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിയ്ക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.489/2025/TAXES തീയതി,തിരുവനന്തപുരം, 23-05-2025

പരാമർശം:- 1. 27.02.2025-ലെ സ.ഉ.(സാധാ) നം.177/2025/ടാക്സസ്

2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 23.03.2024 ലെ SLTY/5932/2023-MOD INFRA1 SL നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാർ ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന ജില്ലാ ഓഫീസുകൾ, സബ് ഓഫീസുകൾ എന്നിവ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കുന്നതിലേയ്ക്ക് മുകൾ നിലകളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ താഴത്തെ നിലകളിലേക്ക് മാറ്റുന്നതിനും ഭിന്നശേഷി സൗഹൃദമാക്കുന്നതിനും നടപടി സ്വീകരിയ്ക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന് തുടർച്ചയായി സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ജില്ലാ-സബ് ഓഫീസുകൾ ഉൾപ്പെടെ 21 ഓഫീസുകൾ അനുയോജ്യമായ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് പരാമർശം (1) പ്രകാരം തത്വത്തിൽ അനുമതി നല്കി ഉത്തരവായിരുന്നു.

2. വയനാട് ജില്ലയിൽ മാനന്തവാടിയിലെ ഭാഗ്യക്കുറി സബ് ഓഫീസ് ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി BSNL -ന്റെ ഉടമസ്ഥതയിലുള്ള 1437 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന കെട്ടിടം കണ്ടെത്തിയിട്ടുണ്ടെന്നും ടി കെട്ടിടത്തിന് പ്രതിമാസം ₹34,000/- (മുപ്പത്തിനാലായിരം രൂപ മാത്രം)-യും 18% ചരക്ക് സേവന നികുതിയും 5% വാർഷിക വർദ്ധനവുമാണ് BSNL ആവശ്യപ്പെട്ടിട്ടുള്ളതെന്നും മാനന്തവാടി ഭാഗ്യക്കുറി സബ് ഓഫീസ് ടി കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിയ്ക്കുന്നതിന് ഭരണാനുമതി നല്കണമെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാനന്തവാടിയിലെ ഭാഗ്യക്കുറി

സബ്ഓഫീസ് ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി കണ്ടെത്തിയിട്ടുള്ള BSNL -ന്റെ ഉടമസ്ഥതയിലുള്ള 1437 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന കെട്ടിടം പ്രതിമാസം ചരക്ക് സേവന നികുതി ഉൾപ്പെടെ ₹40,120/- (നാല്പതിനായിരത്തി ഒരുനൂറ്റി ഇരുപത് രൂപ മാത്രം) പ്രതിമാസ വാടകയ്ക്ക് എടുക്കുന്നതിനും ഓരോ വർഷവും 5% വാടക വർദ്ധനവ് വരുത്തുന്നതിനും ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ K
ജോയിന്റ് സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം
3. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. ധനകാര്യ വകുപ്പ് (20.03.2025 ലെ 3077648/Exp. B1/136/2025-Fin പ്രകാരം)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (TAXES-H1/109/2024-TAXES)

ഉത്തരവിൻ പ്രകാരം
Signed by
Babu. G
Date: 23-05-2025 16:34:21
സെക്ഷൻ ഓഫീസർ